# വിചാരണക്ക് മുമ്പ് സ്വയം വിചാരണ ചെയ്യുക

**ഡോ. അലി അബ്ദുർറഹ്മാൻ അൽ ഹുദൈഫി**



**വരാനിരിക്കുന്ന** അന്ത്യവിചാരണയെ അഭിമുഖീകരിക്കുന്നതിന് മുമ്പ് മനുഷ്യൻ സ്വയം വിചാരണക്ക് തയാറാകണം. സ്വയംകൃത പ്രവർത്തനങ്ങൾ തിരിച്ചറിയുന്നതിനും രക്ഷിതാവിനോട് പശ്ചാതപിക്കുന്നതിനും ഇത്തരമൊരു വിചാരണ അനിവാര്യമാണ്. ആ ദിവസം സത്യനിഷേധികൾ വിഹ്വലരായി നാലുപാടും ഓടുമെന്ന് പ്രവാചകൻ വിശദീകരിച്ചിട്ടുണ്ട്. അന്ന് പ്രവർത്തന ഏട് നൽകപ്പെടുമ്പോൾ സത്യനിഷേധികൾ വിലപിക്കുന്നത് അല്ലാഹു ഖുർആനിൽ ചിത്രീകരിക്കുന്നത് ഇങ്ങനെയാണ്: "ഹാ, ഞങ്ങളുടെ നിർഭാഗ്യമേ, ഇതെന്തൊരു ഗ്രന്ഥം! ചെറുതും വലുതുമായ യാതൊരു കാര്യവും ഇത് രേഖപ്പെടുത്താതെ വിട്ടിട്ടില്ലല്ലോ." മനുഷ്യൻ ഇഹലോകത്ത് ചെയ്ത മുഴുവൻ കാര്യങ്ങളും അവിടെ അവന്റെ മുമ്പിൽ പച്ചയായി സമർപ്പിക്കപ്പെടുകയാണ്.

വിശ്വാസികളേ, അതീവ ഗൗരമേറിയ ഒരു കാര്യമായിരിക്കുമത് എന്ന് നാം മനസ്സിലാക്കണം. അല്ലാഹു മനുഷ്യരെ മുഴുവനും ഒരുമിച്ച് കൂട്ടുകയും ഓരോരുത്തർക്കും അവരവരുടെ പ്രവർത്തന ഏട് നൽകുകയും ചെയ്യുന്ന സന്ദർഭമാണത്. ലൗകിക ലോകത്ത് സുഖ സൗകര്യങ്ങളുടെ പറുദീസയിൽ ആഢംബര ജീവിതം നയിക്കുന്നവർ അതിഭയാനകമായ ഒരു ദിവസം അഭിമുഖീകരിക്കാനുണ്ടെന്ന കാര്യം വിസ്മരിക്കരുത്. സുഖലോലുപതയിൽ കഴിയാൻ തീരുമാനിച്ച മനുഷ്യനും ഒരു നാൾ മരണത്തെ പുൽകുന്നതാണ് നാം കാണുന്നത്. അവന്റെ എല്ലാ തരത്തിലുള്ള ആഢംബരങ്ങളും അവനിൽനിന്ന് വഴുതിപ്പോകുന്നു. താൻ കെട്ടിപ്പടുത്ത സൗധങ്ങളും അംബരചുംബികളായ വിനോദ കേന്ദ്രങ്ങളും താൻ ജീവന് തുല്യം സ്നേഹിക്കുന്ന സഹധർമിണിയും സന്താനങ്ങളുമെല്ലാം അവനിൽനിന്ന് അകന്നുപോകുന്നു.

പരലോക ജീവിതത്തെ സംബന്ധിച്ച് വിശ്വാസി എപ്പോഴും ജാഗരൂകനായിരിക്കണം. അവന്റെ പ്രവർത്തനങ്ങളെല്ലാം അല്ലാഹു അറിയുകയും കാണുകയും ചെയ്യുന്നുണ്ട് എന്ന് മനസ്സിലാക്കണം. ഈ തിരിച്ചറിവാണ് അവനെ തെറ്റിൽനിന്ന് പിന്തിരിപ്പിക്കുന്നത്. കുറ്റകൃത്യങ്ങളിൽനിന്ന് അവനെ വിലക്കുന്നതും ഈ ചിന്തകൾ തന്നെ. അല്ലാഹു പറയുന്നു: "പിശാചിന്റെ പാത നിങ്ങൾ പിന്തുടരുത്." വഴികേടിന്റെയും അക്രമത്തിന്റേതുമാണ് പിശാചിന്റെ വഴികൾ.

ആളുകൾക്കിടയിൽ ജീവിക്കുമ്പോൾ ഒരു മുഖവും വ്യക്തിജീവിതത്തിൽ മറ്റൊരു മുഖവും വിശ്വാസിക്ക് ഉണ്ടാകാൻ പാടില്ല. തനിച്ചാകുമ്പോൾ എന്തും ചെയ്യാമെന്ന ധാരണ മാറ്റണം. എവിടെയിരുന്നു എന്തു ചെയ്താലും അല്ലാഹു കാണുകയും അറിയുകയും ചെയ്യുമെന്ന കാര്യം വിസ്മരിക്കരുത്. മനുഷ്യന്റെ ഏത് പ്രവർത്തനവും അവന്റെ ഉദ്ദേശ്യങ്ങൾക്കനുസരിച്ചാണെന്ന പ്രവാചക വചനം ഏറെ ശ്രദ്ധേയമത്രെ. പരസ്യമായി ചെയ്യുന്ന പ്രവൃത്തികളെ പോലെ തന്നെ രഹസ്യമായി ചെയ്യുന്ന പ്രവൃത്തികളും നിരീക്ഷിക്കപ്പെടുന്നുണ്ട്. അതിനാൽ നമ്മുടെ അകവും പുറവും ഒരുപോലെ ശുദ്ധീകരിക്കാനുള്ള ശ്രമമാണ് നടത്തേണ്ടത്. അതിൽ സുപ്രധാനമാണ് വിശ്വാസിയുടെ വാക്കും പ്രവൃത്തിയും ഒരുപോലെയാകുമെന്നത്.

വാക്കിനനുസരിച്ചുള്ള പ്രവർത്തനം കാഴ്ചവെക്കാൻ കഴിയുന്നവർക്കേ സ്വർഗ പ്രാപ്തിയുണ്ടാവുകയുള്ളൂ. ഉമർ(റ) റിപ്പോർട്ട് ചെയ്ത ഹദീസിൽ പ്രവാചകൻ(സ) പറയുന്നു: "തീർച്ചയായും പ്രവർത്തനങ്ങൾ ഉദ്ദേശ്യങ്ങൾക്കനുസരിച്ചാണ്". ഉദ്ദേശ്യ ശുദ്ധിയോടെയുള്ള പ്രവർത്തനമാണ് വിശ്വാസികളിൽനിന്ന് ഉണ്ടാകേണ്ടത്. പ്രവാചകൻ മനുഷ്യ ജീവിതവുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങൾക്കും മാർഗ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. അല്ലാഹു പറയുന്നു: ''പ്രവാചകൻ കൊണ്ടുവന്നതിനെ നിങ്ങൾ സ്വീകരിക്കുക." ജീവിതത്തിന്റെ സകല മേഖലകളെയും ഉൾക്കൊള്ളാൻ കഴിയുന്ന വിശ്വാസമാണ് ഇസ്‌ലാമിന്റേത്. പ്രവാചകൻ മുഹമ്മദ് (സ) വിട്ടു കളഞ്ഞ ഒരു കാര്യവും ഈ ജീവിത ദർശനത്തിലില്ല. അതുകൊണ്ട് തന്നെയാണല്ലോ ഓരോ വെള്ളിയാഴ്ചയിലെയും ഖുത്വ്ബയിൽ ലോകമാകെയുള്ള ഇമാമുമാർ ഏറ്റവും നല്ല വചനം അല്ലാഹുവിന്റെ വചനമാണെന്നും ഏറ്റവും നല്ല മാർഗം മുഹമ്മദ് (സ) കൊണ്ടുവന്ന സത്യമാർഗമാണെന്നും പ്രഖ്യാപിക്കുന്നത്. ഈ കാര്യങ്ങൾ തിരിച്ചറിഞ്ഞ് കൊണ്ട് ജീവിതം ചിട്ടപ്പെടുത്താൻ വിശ്വാസികൾ തയാറാകണം. ഓരോ കാര്യത്തിലും അല്ലാഹുവിനെ സംബന്ധിച്ച ചിന്തയാകണം അവനെ മുന്നോട്ട് നയിക്കേണ്ടത്. സർവ ശക്തനായ അല്ലാഹു ഇസ്‌ലാമിന്റെ യഥാർഥ പിന്തുടർച്ചക്കാരായി തീരാൻ നാമേവരെയും അനുഗ്രഹിക്കുമാറാകട്ടെ. ■

(22.10.2010ന് മദീനയിലെ മസ്ജിദുന്നബവിയിൽ നടത്തിയ ഖുത്വ്ബയുടെ സംഗ്രഹം. തയാറാക്കിയത്: **റഹീം ഓമശ്ശേരി**)